# ദൈവത്തിന്റെ അനുകാരികൾ

## 1 കൊരിന്ത്യർ 10:26

"ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിന്നുള്ളതല്ലോ."

ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതിന് ഒരു ഉദ്ദേശ്യം ഉണ്ട്. അതു നാം ദൈവാശ്രയത്തിലായിരുന്നുകൊണ്ട് ദൈവത്തോടുള്ള നിരന്തരമായ ബന്ധം പുലർത്തി അവന്റെ സന്നിധിയിൽ നിന്നു ചോദിച്ചറിയേണ്ട ഒരു കാര്യമാണ്. അതു നീ ഉദ്ദേശിക്കുന്നതുപോലെയോ കണക്കുകൂട്ടുന്നതുപോലെയോ ഒന്നുമല്ല. കാരണം ഇതിന്റെയെല്ലാം ഉറവിടം കർത്താവിൽ നിന്നാണ്. ഈ പ്രപഞ്ചത്തിന്റെയും അതിൽ കാണുന്ന സകലത്തിന്റെയും, ഞാനും നിങ്ങളുമടങ്ങുന്ന സകല ജീവജാലങ്ങളുടെയും ഉടമസ്ഥാവകാശം നമ്മുടെ ദൈവമായ കർത്താവിനുള്ളതാണ്. അപ്പോൾ പിന്നെ ഇന്നു നമ്മുടെ കയ്യിൽ ലഭിച്ചിരിക്കുന്ന പലതും, നാം നമ്മുടേതെന്നു കരുതി കെട്ടിപ്പിടിച്ചു കൊണ്ടിരിക്കുന്നതിന്റെ അർത്ഥം എന്ത്? ഇന്ന് നമുക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളും, ധനവും, മാനവുമെല്ലാം മറ്റുള്ളവരുമായി പങ്കുവെയ്ക്കാനാണ് ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത്. എന്നാൽ ഇന്നു മനുഷ്യൻ എല്ലാം തന്റേത് തന്റേത് എന്ന് പറഞ്ഞ് വെറും സ്വാർത്ഥന്മാരായി മാറിക്കൊണ്ടിരിക്കുന്നു.

സങ്കീർത്തനം 24:1 ൽ ഇപ്രകാരം പറയുന്നു "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു." ഇതു തന്നെയാണ് പൗലോസ് വാക്യം 26 ൽ ഉദ്ധരിച്ചിരിക്കുന്നത്. നമ്മെ തന്നെ നമുക്ക് സ്വന്തം എന്നു പറയാൻ സാധിക്കില്ല. അങ്ങനെയെങ്കിൽ ഇന്നു ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത്, അവനിൽ പൂർണ്ണമായ ഒരു സമർപ്പണവും, അവൻ നമ്മെ കാണിച്ചുതന്ന സകലവിധമായ അവന്റെ ഗുണഗണങ്ങളുടെ പ്രതിഫലനമോടു കൂടിയ ഒരു ജീവിതവുമാണ്. അത് സ്നേഹമാകട്ടെ, സഹനമാകട്ടെ, പീഢാനുഭവമാകട്ടെ അത് എന്റെ ദൈവത്തിനു വേണ്ടിയാണ് ഞാൻ ചെയ്യുന്നത് എന്ന ചിന്തയോടെ ജീവിതത്തിൽ ഏറ്റെടുക്കുവാൻ നമുക്ക് സാധിക്കണം. അതു മറുതലിപ്പോടെയോ, ശാഠ്യത്തോടെയോ അരുത്, മറിച്ച് സന്തോഷത്തോടെയും, സ്നേഹത്തോടെയും ആയിരിക്കണം.

കൊലൊസ്സ്യർ 3:17 ൽ പറയുന്നു "വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ."

നമ്മുടെ രക്ഷിതാവും കർത്താവുമായ ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവമക്കൾ എന്ന പദവി ലഭിച്ചവരായ നാം, നമ്മുടെ ജീവിതം തന്നെ അവനു അനുരൂപമാക്കി ജീവിക്കാനാണ് ദൈവവചനം പലയിടങ്ങളിലും ആഹ്വാനം ചെയ്യുന്നത്. ക്രിസ്തു മറ്റുള്ളവര സ്നേഹിച്ചതുപോലെ, നാമും അവന്റെ അനുകാരികളായിരിക്കാൻ ആവശ്യപ്പെടുന്നു. ഇതു നമുക്ക് ഒറ്റക്കു സാധ്യമല്ലാത്തതു മൂലമാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമുക്ക് കാര്യസ്ഥനായി വെച്ചിരിക്കുന്നത്. ആയതിനാൽ നാം റോമർ 12:2 ൽ പറയുന്നതുപോലെ "ഈ ലോകത്തിന്നു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."

ഈ പ്രപഞ്ചത്തെയും അതിലുള്ളതിനെ ഒക്കെയും സൃഷ്ടിച്ചവനായ ദൈവത്തിന്റെ സന്നിധിയിൽ അവന്റെ അനുകാരികളായിരിപ്പാൻ നമുക്ക് ദൈവത്തിൽ നിന്നുള്ള കൃപയ്ക്കായി യാചിക്കാം. അവൻ അതിനായി നമ്മെ തന്റെ പരിശുദ്ധറൂഹാമൂലം ഇടവരുത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എഫേസ്യർ 5:1–2

"ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."

ബ്രദർ ബിനു ബേബി ആലപ്പുഴ 055